# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1931 – 06/02/2019-ലെ മറുപടിക്ക്

## ദേശീയ ദുരന്ത കൈകാര്യ പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന് ലോകബാങ്ക്, എ.ഡി.ബി, യൂറോപ്യൻ യൂണിയൻ എന്നിവരിൽ നിന്നും ധനസഹായം സ്വീകരിക്കുന്നതിന് നിലവിലെന്തെങ്കിലും തടസ്സമുണ്ടോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ വായ്പ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള അധിക വിഭവ സമാഹരണത്തിനായി കടമെടുപ്പ് പരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |
| ബി | എങ്കിൽ പ്രസ്തുത തടസ്സം നീക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന് കേന്ദ്രത്തിന്റെ പ്രതികരണമെന്താണ്; വിശദമാക്കാമോ; | |
| സി | ദേശീയ ദുരന്ത കൈകാര്യ പദ്ധതിയിൽ നിന്നും എന്ത് തുക നൽകണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടത്; പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക ഇതുവരെ അനുവദിച്ചു; വ്യക്തമാക്കാമോ; | ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ പുനരധിവാസ സഹായം ആവശ്യപ്പെട്ടിരുന്നു. ഇതു കൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| ഡി | ചരക്ക് സേവന നികുതിയിൽ സെസ്സ് ഏർപ്പെടുത്തുന്നതിൽ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം നവകേരളം കെട്ടിപ്പടുക്കുന്നതിന് എത്ര | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്ന് |

| | | |
|---|---|---|
| | മാത്രം സഹായകമാണ്; വിശദമാക്കാമോ? | കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും വിതരണത്തിന് വിതരണ വിലയിന്മേൽ 1 ശതമാനം സെസ്സ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങൾ ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും ജി.എസ്.ടി നികുതി നിരക്ക് 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നീ പട്ടികയിൽ വരുന്ന ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും വിതരണത്തിന് വിതരണ വിലയിന്മേൽ ഒരു ശതമാനം പ്രളയസെസ് രണ്ട് വർഷക്കാലയളവിലേയ്ക്ക് ചുമത്തുന്നതിലൂടെ പ്രതിവർഷം 600 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഇതുവഴി പ്രളയാനന്തര പുനർനിർമ്മാണത്തിനായി വിഭാവനം ചെയ്തിരിയ്ക്കുന്ന ചെലവുകളുടെ ഒരു ഭാഗം വഹിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ